**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**
**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**
(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യൂ.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : 0471-2724696
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

പ്രിയ സുഹൃത്തുക്കളെ,

സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റിംഗ് പ്രവർത്തനങ്ങൾ തികഞ്ഞ ആത്മാർത്ഥതയോടെ നടപ്പാക്കുന്നതിന് വിവിധ തട്ടുകളിലുള്ള റിസോഴ്സ് പേഴ്സൺമാർ കാണിച്ച സന്നദ്ധതയ്ക്ക് ആദ്യമായി നന്ദി രേഖപ്പെടുത്തുന്നു. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട പണം കൈമാറുന്നതിന് ധനവിനിയോഗ രീതിയിൽ സമഗ്രമായ പരിഷ്ക്കാരങ്ങൾ വരുത്തുന്നതിന് കേന്ദ്ര സർക്കാർ തീരുമാനമെടുത്തതിന്റെ ഫലമായാണ് താൽക്കാലികമായി ഈ കാലതാമസം നേരിടേണ്ടി വന്നത്. എന്നാൽ തുടർന്ന് സോഷ്യൽ ഓഡിറ്റ് ഫണ്ട് നേരിട്ട് കാലതാമസം കൂടാതെ നമ്മുടെ ബാങ്ക് അക്കൗണ്ടിലേക്ക് ലഭിക്കും എന്നത് കൂടുതൽ ആശ്വാസകരമാണ്.

ഫണ്ട് കൈമാറുന്നതുസംബന്ധിച്ച നടപടിക്രമങ്ങൾ ഇതിനകം പൂർത്തിയായി കഴിഞ്ഞു. ഇനിയും യാതൊരു കാലതാമസവും കൂടാതെ 2-3 ആഴ്ചകൾക്കുള്ളിൽ സോഷ്യൽ ഓഡിറ്റ് ഫണ്ട് ലഭിക്കുകയും മുഴുവൻ കുടിശ്ശികയും തീർത്തുകൊണ്ട് റിസോഴ്സ് പേഴ്സൺമാരുടെ വേതനം വിതരണം ചെയ്യുന്നതിന് കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. ഫണ്ട് ലഭിക്കുന്നതോടെ തുടർന്നങ്ങോട്ട് സുഗമമായി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് നമുക്ക് കഴിയുമെന്നുറപ്പാണ്. സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ മുടക്കം കൂടാതെ ചിട്ടയായി ഏറ്റെടുക്കുന്നതിന് ജില്ലാ-ബ്ലോക്ക്-വില്ലേജ് റിസോഴ്സ് പേഴ്സൺമാർ സന്നദ്ധതയാടെ പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഒരു പഞ്ചായത്തിലെ മുഴുവൻ ഗ്രാമസഭകളും പൂർത്തിയാക്കി പബ്ലിക്ക് ഹിയറിംഗ് സംഘടിപ്പിക്കുന്നതിന് ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവർത്തന പരിപാടിയായിരിക്കണം തുടർന്നങ്ങോട്ട് നടപ്പാക്കേണ്ടത്. കുടിശ്ശിക പൂർണ്ണമായും ജനുവരി മാസം തന്നെ വിതരണം ചെയ്യാൻ കഴിയുമെന്ന് ഒരിക്കൽക്കൂടി വ്യക്തമാക്കികൊണ്ട്.

സ്നേഹപൂർവ്വം,

**ഡോ.എൻ. രമാകാന്തൻ**
ഡയറക്ടർ

കോപ്പി:

1. എല്ലാ ജില്ലാ റിസോഴ്സ്പേഴ്സൺമാർക്കും
2. എല്ലാ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും
3. എല്ലാ വി.ആർ.പിമാർക്കും (ബി.ആർ.പിമാർ മുഖേന).

തിരുവനന്തപുരം
10.01.2022.